ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് (LID&EW)
അഞ്ചാംനില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം - 03

ഫോൺ: 0471-2324951
0471-2325071
ടെലി ഫാക്സ് - 0471-2324951
ഇമെയിൽ -celsgd@gmail.com
വെബ് സൈറ്റ് www.celsgd.kerala.gov.in

**നം: ഡിബി3/4620/2012/സിഇ/തസ്വഭവ** **തീയതി: 28.05.2022**

## സർക്കുലർ

വിഷയം : **തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യു) Shredded plastic ഉപയോഗിച്ച് റോഡു നിർമ്മാണ പ്രവൃത്തി ചെയ്യുന്നത് - സംബന്ധിച്ച്**

സൂചന : 1. 16/05/2022 ലെ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ C28/CKCL/2021 നമ്പർ കത്ത്.
2. 30.03.21, 25.01.2022,24.05.2022 എന്നീ തീയതികളിൽ ഈ കാര്യാലത്തിൽ നിന്നും പുറപ്പെടുവിച്ച സർക്കുലറുകൾ.
3. 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ഉത്തരവ് നം. 84/2022, dtd. 19/04/2022.
4. 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ഉത്തരവ് നം. 86/2022, തീയതി. 19/04/22

**********

മേൽ സൂചന (3), (4) ലെ പദ്ധതി മാർഗ്ഗ രേഖ ഉത്തരവുകളിലെ ഖണ്ഡിക 8.14 (9) പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ടി ആവശ്യത്തിലേയ്ക്കായി പ്ലാസ്റ്റിക് ഉപയോഗിച്ചു ചെയ്യുന്ന ടാറിംഗ് പ്രവൃത്തികളിൽ open pug mill/paddle സംവിധാനമുള്ള hot mix plant-കൾ ഉപയോഗിക്കണമെന്ന നിബന്ധന ടെണ്ടർ ക്ഷണിക്കുമ്പോൾ തന്നെ ഉൾപ്പെടുത്തണമെന്നും അത്തരം പ്രവൃത്തികൾക്ക് ആവശ്യമായ Shredded plastic, clean kerala company-ൽ നിന്നും വാങ്ങി ഉപയോഗിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ ക്ലീൻ കേരള കമ്പനിയിൽ നിന്നും ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ള സൂചന (1) കത്ത് പ്രകാരം, പണം അടച്ച തുകയുള്ള shredded plastic-കൾ

LA

മുഴുവനായും എടുത്തിട്ടുണ്ടോയെന്ന കാര്യത്തിൽ സംശയം ഉന്നയിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ഷ്രെഡഡ് പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ചുള്ള ടാറിംഗ് പ്രവൃത്തികൾക്ക് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഷ്രെഡഡ് പ്ലാസ്റ്റിക് മുഴുവനായും ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

LA